**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ടിഡയ്ക്ക് നൽകേണ്ട അംശദായം പഞ്ചായത്തുകൾ അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി സ്പെഷ്യൽ TSB അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ടിഡയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1322/2016/തസ്വഭവ.　　　　തിരുവനന്തപുരം, തീയതി: 23/03/2016**

---

പരാമർശം:- (1) 21.03.2015 ലെ ജി.ഒ.(പി) നം.119/2015/ഫിൻ നമ്പർ ഉത്തരവ്.
(2) സ.ഉ.(സാധാ) നം.2728/2015/ത.സ്വഭവ തീയതി 08.09.2015 നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം ഒന്ന് പ്രകാരം സർക്കാർ അലോട്ട്മെന്റ് നൽകുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പ്രാദേശിക സർക്കാരുകൾ തുക നേരിട്ട് പിൻവലിച്ച് സ്പെഷ്യൽ TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതിയിലാണ് ജനറൽ പർപ്പസ് ഫണ്ട് റിലീസ് ചെയ്തു വരുന്നത്. പരാമർശം രണ്ട് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽനിന്നും വികസന അതോറിറ്റിയ്ക്ക് ലഭിക്കാനുള്ള സെന്റേജ് ചാർജ്ജ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഗഡുക്കളായി കുറവ് ചെയ്ത് ഒടുക്ക് വരുത്തുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ഇപ്രകാരം കുറവ് ചെയ്യുന്നത് ഷോർട്ട് റിലീസിനും അതു വഴി എ.ജി.യുടെ പ്രതികൂല പരാമർശത്തിനും കാരണമാകുമെന്നതിനാൽ പ്രാദേശിക സർക്കാരുകൾ അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി സ്പെഷ്യൽ TSB അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് ടിഡയ്ക്ക് അംശദായം (സെന്റേജ് ചാർജ്) നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ. വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
സെക്രട്ടറി, വിളവൂർക്കൽ/വിളപ്പിൽ/വെങ്ങാനൂർ/പള്ളിച്ചൽ/കല്ലിയൂർ, ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തസ്വഭവ (ഡി.സി/എഫ്.എം) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഗ്രാമവികസന / നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Seena

**സെക്ഷൻ ഓഫീസർ.**